**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1051.** **05.02.2020 ൽ മറുപടിയ്ക്ക്**

# പ്ലാസ്റ്റിക് കപ്പികൾക്ക് പകരം ചില്ല് കപ്പികളിൽ മദ്യവിതരണത്തിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ടി.ജെ.വിനോദ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2008-09 ലെ അബ്കാരി നയത്തിൽ ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് കപ്പികളിൽ മദ്യം നൽകുന്നത് നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ) | പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | (ബി) | ചില്ലുകപ്പികളുടെ ലഭ്യത കുറവും കൂടാതെ ഉത്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവും, ട്രാൻസ്പോർട്ടേഷനും, മദ്യകെയ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും കൂടാതെ ബ്രേക്കേജിലുണ്ടാകാവുന്ന കൂടുതൽ നഷ്ടവും കണക്കിലെടുത്ത് ഇത് നടപ്പിലാക്കുന്നത് നീട്ടി വയ്ക്കുകയാണുണ്ടായത്. |
| (സി) | പ്ലാസ്റ്റിക് കപ്പികളിൽ മദ്യം വിതരണം ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതി എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 2008-09 വർഷത്തിലെ മദ്യനയം അനുസരിച്ച് പ്ലാസ്റ്റിക് കപ്പികളിൽ മദ്യവിതരണം നടത്തുന്നത് ഘട്ടംഘട്ടമായി നിർത്തലാക്കുമെന്ന തീരുമാനം നടപ്പിലാക്കിയില്ല എന്നു കാണിച്ച് ബഹു.കേരള ഹൈക്കോടതിയിൽ ശ്രീ.ഷാജി.ആർ., ശ്രീ.രാജേഷ്.എസ്. എന്നിവർ ഡബ്ല്യു.പി.സി.4860/2012 നമ്പറായും, കൂടാതെ ശ്രീ.ബി.സതീശൻ എന്നയാൾ ഡബ്ല്യു.പി.സി.15745/2011 നമ്പറായും ഫയൽ ചെയ്ത പൊതുതാത്പര്യ ഹർജിയിലെ 09/04/2015-ലെ പൊതു വിധിന്യായത്തിൽ പ്ലാസ്റ്റിക് ബോട്ടിലിന്റെ നിരോധനം നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രായോഗിക വശങ്ങൾ കണക്കിലെടുത്ത് പ്ലാസ്റ്റിക് കപ്പികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലെന്നും എന്നാൽ ഇതിന്റെ വിവിധ വശങ്ങളും വിദഗ്ധരുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ളവയും പരിഗണിച്ച് ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുള്ള, വിഷാംശം |

| | | | |
|---|---|---|---|
| | | | ആയിട്ടുള്ള പ്ലാസ്റ്റിക്കുകളുടെ ഉപയോഗം നിരോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും എന്ന നിരീക്ഷണത്തോടെ തീർപ്പുകൽപ്പിക്കുകയാണ് ഉണ്ടായത്. ഇതിന്റെ വെളിച്ചത്തിൽ സർക്കാരിനോട് തീരുമാനം എടുക്കുവാനും ബഹു.കോടതി നിർദ്ദേശിക്കുകയാണുണ്ടായത്. |
| (ഡി) | 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം ചില്ല് കുപ്പികളിൽ മദ്യം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിച്ചുകൊണ്ടുള്ള 17.12.2019-ലെ G.O(MS)No. 7/2019/Envt. ഉത്തരവിലെ 8-ാം ഖണ്ഡികയിൽ PET/PETE-യുടെ നിരോധനം കുടിവെള്ളത്തിനു മാത്രമായി ആണ് നിജപ്പെടുത്തിയിരിക്കുന്നത്. കൂടാതെ 11-ാം ഖണ്ഡിക പ്രകാരം ബ്രാൻഡഡ് ഉത്പന്നങ്ങൾക്ക് ടി ഉത്തരവ് പ്രകാരമുള്ള നിരോധനം ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഉത്പാദകർ extended producers responsibility ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ശുചിത്വ മിഷനുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ഇ) | കോർപ്പറേഷൻ, സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി സഹകരിച്ച് മദ്യക്കുപ്പികൾ തിരിച്ച് എടുക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ